(എഫ്) ഉണ്ട്.

(ജി) ഏതാനും ഗ്രാമപഞ്ചായത്തുകളിൽ ആഡിറ്റ് നടത്തിയതിന്റെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(എച്ച്) പരിശോധിക്കാറുണ്ട്.

(ഐ) 23.05.1991-ലെ ജി.ഒ(പി) 2364/91 ത.ഭ.വ. ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലെ ജവഹർ തൊഴിൽദാന പദ്ധതി സംബന്ധിച്ച് കണക്കുകൾ ആഡിറ്റ് ചെയ്യാൻ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവിൽ ചാർജ്/സർചാർജ് നടപടികൾക്കുള്ള അധികാരം വ്യവസ്ഥ ചെയ്തിട്ടില്ല.

(ജെ)&(കെ) ചോദ്യമുദിക്കുന്നില്ല.

(എൽ) ഗ്രാമവികസന വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(എം) ഇപ്പോൾ നടക്കുന്ന ആഡിറ്റ് മുഖേന തന്നെ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ കഴിയുന്നതാണ്.

(എൻ) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം കഴിയുകയില്ല.

(ഒ) ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ആഡിറ്റ്, പെർഫോർമൻസ് ആഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് എന്നിവ നടക്കുന്നതിനാൽ വീണ്ടും സ്പെഷ്യൽ ആഡിറ്റ് നടത്തുവാൻ ഉദ്ദേശിക്കുന്നില്ല.

**395 (1588) ഇന്ദിരാ ആവാസ് യോജന പദ്ധതി**

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം 1998-99 വർഷത്തിൽ ചെലവാക്കിയ 36.32 കോടി രൂപ വിനിയോഗിച്ച് എത്ര വീടുകൾ നിർമ്മിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി ഓരോ ജില്ലയിലും നടപ്പാക്കിയ ഏജൻസി ഏതാണെന്ന് വിശദമാക്കുമോ;

(സി) ദശലക്ഷം കിണർ പദ്ധതിപ്രകാരം 1998-99-ൽ 10.37 കോടിരൂപ വിനിയോഗിച്ച് നിർമ്മിച്ച കിണറുകളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം നൽകുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള 54.25 കോടി രൂപ ഏതെല്ലാം മേഖലകളിലാണ് ചെലവഴിച്ചത്. വിശദാംശം നൽകുമോ;

(ഇ) ഈ പദ്ധതിച്ചെലവുകൾ സംബന്ധിച്ച ആഡിറ്റിംഗ് ഏത് ഏജൻസിയാണ് നടത്തിയത്, ആഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

<u>ഉത്തരം</u>

(എ) 1998-99-ൽ ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം താഴെപറയും പ്രകാരമാണ്.

| | |
|---|---|
| തിരുവനന്തപുരം | 826 |
| കൊല്ലം | 512 |
| പത്തനംതിട്ട | 405 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| ആലപ്പുഴ | 549 |
| കോട്ടയം | 196 |
| ഇടുക്കി | 636 |
| എറണാകുളം | 549 |
| തൃശൂർ | 820 |
| പാലക്കാട് | 1361 |
| മലപ്പുറം | 1176 |
| കോഴിക്കോട് | 653 |
| വയനാട് | 765 |
| കണ്ണൂർ | 249 |
| കാസർഗോഡ് | 453 |

(ബി) ബ്ലോക്കു പഞ്ചായത്തുകളാണ് ഈ പദ്ധതി ജില്ലകളിൽ നടപ്പാക്കിയിട്ടുള്ളത്.

(സി) പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ഡി) മണ്ണ്/ജലസംരക്ഷണം, ചെറുകിട ജലസേചനം, റോഡുകൾ, പൊതുമന്ദിരങ്ങൾ എന്നീ മേഖലകളിലാണ് ചെലവഴിച്ചിട്ടുള്ളത്.

(ഇ) പ്രത്യേകം നിയുക്തമായ ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, ജില്ലാതല ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്. ഇവരുടെ ആഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**396 (1589) മോഡൽ സാനിട്ടേഷൻ വില്ലേജുകൾ**

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് സംബന്ധിച്ച പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശപ്രകാരം കൊല്ലം ജില്ലയിലെ ശൂരനാട് നോർത്ത്, വെസ്റ്റ് കല്ലട എന്നീ വില്ലേജുകളെ മോഡൽ സാനിട്ടേഷൻ വില്ലേജുകളായി വികസിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് റൂറൽ ഏരിയാസ് ആന്റ് എംപ്ലോയ്മെന്റ് 24.7.1995-ലെ ഡബ്ല്യൂ 11023/15/95 -സി.ആർ.എസ്.പി.(എം.വി) നമ്പരായി ആദ്യ ഗഡു എന്ന നിലയിൽ 12.579 ലക്ഷം രൂപ റിലീസ് ചെയ്തുകൊണ്ടുള്ള സാംഗ്ഷൻ ഓർഡർ നൽകിയിട്ടുണ്ടോ;

(ബി) ഈ തുക വിനിയോഗിച്ച് പ്രസ്തുത വില്ലേജുകളിൽ പണിയാരംഭിക്കുന്നതിനുള്ള ഉദ്ഘാടനം എന്നു നടത്തി;

(സി) ഈ പദ്ധതിയനുസരിച്ച് സംസ്ഥാന ഗവൺമെന്റ് നൽകേണ്ടതായ മാച്ചിംഗ് ഗ്രാന്റു നൽകിയോ;

(ഡി) ഈ പദ്ധതിയനുസരിച്ചുള്ള പണികൾ പൂർത്തിയായോ;

(ഇ) ഇല്ലെങ്കിൽ എന്നേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്

1062/2010.

LIBRARY ARCHIVES Kerala Legislative Assembly